(എഫ്) കോർപ്പറേഷന്റെ നയപരമായ തീരുമാനത്തിൽ യൂണിയനുകൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. സേവന വേതന വ്യവസ്ഥകൾ ചർച്ച ചെയ്തു തീരുമാനിക്കുമ്പോൾ നേരിട്ടുള്ള നിയമനവും മറ്റു പ്രത്യേക പ്രശ്നമായി കരാറിൽ ഉൾപ്പെടുത്തി തീരുമാനം എടുക്കാമെന്നാണ് കോർപ്പറേഷൻ പ്രതീക്ഷിക്കുന്നത്.

(ജി) നിലവിലുള്ള ജീവനക്കാരുടെ പ്രമോഷൻ സാദ്ധ്യതകളെ ഒരു തരത്തിലും ബാധിക്കാത്ത രൂപത്തിലാണ്, ഇത് നടപ്പിലാക്കാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്.

സഞ്ചരിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

* 303 [444] ശ്രീ. കെ. രാഘവൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലി ലഭിക്കുന്നതിന് പട്ടിക വർഗ്ഗക്കാരെ സഹായിക്കാനായി എന്നാണ് സഞ്ചരിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിച്ചത്;

(ബി) ഏതെല്ലാം വിധമാണ് പട്ടിക വർഗ്ഗക്കാർക്ക് ജോലി ലഭിക്കാൻ ഈ സംവിധാനം സഹായിക്കുന്നത്;

(സി) ഈ സ്ഥാപനത്തിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ട്;

(ഡി) ഈ ആവശ്യത്തിനായി നൽകിയ വാഹനം മറ്റാവശ്യത്തിനായി ഉപയോഗിച്ചിട്ടുണ്ടോ?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 1983 ഏപ്രിൽ മാസത്തിൽ ആണ് തൊടുപുഴയിലും വയനാട്ടിലും രണ്ട് സഞ്ചരിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിച്ചത്.

(ബി) തൊഴിൽ സാദ്ധ്യതകളെപ്പറ്റി അപ്പപ്പോഴുള്ള വിവരങ്ങൾ പട്ടികവർഗ്ഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുക, തൊഴിൽ ലഭിക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യിക്കുക, രജിസ്ട്രേഷൻ പുതുക്കുക, ഗസറ്റിലും പത്രത്തിലും പരസ്യപ്പെടുത്തുന്ന ഒഴിവുകളിലേക്ക് അപേക്ഷിക്കുവാൻ സഹായിക്കുക, ഐ. റ്റി. ഐ., പോളിടെക്നിക്, റ്റി. റ്റി. സി. തുടങ്ങിയ പരിശീലനത്തിന് പ്രവേശനം ലഭിക്കുവാൻ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയ സഹായങ്ങളാണ് സഞ്ചരിക്കുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത്.

(സി) ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ ഉൾപ്പെടെ 5 പേർ ജോലി ചെയ്യുന്നുണ്ട്.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly